(സി) ഈ തുക ഗവൺമെന്റോ ഗവൺമെന്റ് വകുപ്പുകളോ നേരിട്ടാണോ ചെലവഴിച്ചത് ;

(ഡി) അല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ഈ തുക ആരുവഴി ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാപ്പ്ഡെക് പ്രോജക്ടിന് വേണ്ടി സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (SDC)-നിൽ നിന്നും മൊത്തം 9 കോടി 53 ആയിരം രൂപ കിലയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ബി) 24-12-1999-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.)58/99 പ്ലാനിംഗ് അനുസരിച്ചും അതുപ്രകാരം 24-1-2000-ൽ സ്വിസ് ഏജൻസിയും കിലയും ചേർന്ന് ഒപ്പുവച്ച ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരവുമാണ് തുക (9 കോടി 53 ആയിരം) ലഭിച്ചിട്ടുള്ളത്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാൻ ചെയർമാനായി ജോയിന്റ് പ്രോജക്ട് കമ്മിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രോജക്ട് നടപ്പിലാക്കിയത് (കോപ്പികൾ മേശപ്പുറത്ത് വയ്ക്കുന്നു.)*

(സി) അല്ല.

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ എഫ്.സി.ആർ.എ. രജിസ്ട്രേഷൻ ഉള്ള സ്ഥാപനമെന്ന നിലയിൽ കിലയ്ക്കാണ് പണം ലഭിച്ചിട്ടുള്ളത്.

(ഇ) ഈ തുക തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള "കില" എന്ന സ്വയംഭരണ സ്ഥാപനം വഴിയാണ് ചെലവഴിച്ചത്.

എസ്.ഡി.സി. നൽകിയ ഫണ്ടിന്റെ ചെലവ് സംബന്ധിച്ച കണക്ക്

27 (4462) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (എസ്.ഡി.സി.) നൽകിയ ഫണ്ടിന്റെ ചെലവ് സംബന്ധിച്ച കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ആർക്കായിരുന്നു ;

(ബി) ഈ കണക്കുകൾ ആഡിറ്റ് ചെയ്തതാരാണ് ;

(സി) ആഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഇത് സംബന്ധിച്ച കണക്കുകൾ അക്കൗണ്ടന്റ് ജനറലിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കുമോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കിലയ്ക്ക്.

(ബി) 1999-2000 മെസ്സേർസ് ഒ. മനോഹരൻ ആന്റ് കമ്പനി ചാർട്ടേഴ്സ് അക്കൗണ്ടൻസ് തൃശൂർ.

2000-01, 2001-02 മെസ്സേർസ് എം/എസ് വാസണൻ ആന്റ് വേൽസ്-ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, തൃശൂർ. 2002-03 മെസ്സേർസ് വാര്യർ ആന്റ് വാര്യർ ചാട്ടേഴ്സ് അക്കൗണ്ടന്റ്സ് തൃശൂർ.

(സി) വയ്ക്കുന്നു.*

(ഡി&ഇ) കിലയുടെ ആഡിറ്റിന്റെ ഭാഗമായി സി&എ.ജി. ഇതും ഓഡിറ്റ് ചെയ്തു വരുന്നു. 2001-2002 വരെ എ.ജി.ഓഡിറ്റ് ചെയ്തുകഴിഞ്ഞു.

"കാപ്പെക് സംബന്ധിച്ച എസ്.ഡി.സി. യുമായി കിലയുടെ കരാർ"

28 (4463) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പെക് സംബന്ധിച്ച് എസ്.ഡി.സി. യുമായി കരാറിലേർപ്പെടുവാൻ കിലയ്ക്ക് സാങ്ഷൻ നൽകിയിരുന്നുവോ ;

(ബി) അതനുസരിച്ച് കില കരാറിലേർപ്പെട്ടുവോ ;

(സി) എങ്കിൽ അതിലെ വ്യവസ്ഥകൾ എന്തായിരുന്നു ;

(ഡി) കരാറിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) കരാറിൽ ഏർപ്പെട്ടു.

(സി&ഡി) കരാറിന്റെ കോപ്പി വയ്ക്കുന്നു.*

കില വഴി കാപ്പെക്കിന് കൈമാറിയ വിദേശ സഹായത്തുക

29 (4464) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കില വഴി കാപ്പെക്കിന് സംസ്ഥാന ഗവൺമെന്റ് കൈമാറിയ വിദേശ സഹായത്തുകയല്ലാതെ ആ സ്ഥാപനത്തിന് തനതു വരുമാനമുണ്ടായിരുന്നുവോ ;

(ബി) എങ്കിൽ വിദേശ സഹായം കൈമാറിക്കിട്ടിയതു മുതൽ ഓരോ വർഷവും അതിനുണ്ടായ തനതു വരുമാനമെത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly